LIBRARY ARCHIVES Kerala Legislative Assembly

മാനന്തവാടി താലൂക്കിലെ പട്ടികവർഗ്ഗക്കാർക്ക് നൽകിയ ചികിത്സാ ധനസഹായം

115(2367) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മാനന്തവാടി താലൂക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ചികിത്സാ ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി താലൂക്കിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിയ ചികിത്സാ ധനസഹായത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു.

വർഷം	അനുവദിച്ചു നൽകിയ തുക (രൂപ)	ഗുണഭോക്താക്കളുടെ എണ്ണം
2006-07	10,35,206	2238
2007-08	11,00,000	2400
2008-09	3,50,000	694
2009-10	13,00,000	1169
2010-11 (31-1-2011 വരെ)	9,08,000	1330
ആകെ	46,93,206	7831

വയനാട് ജില്ലയിലെ ക്ഷേമ പ്രവർത്തനങ്ങൾ

116(2368) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പട്ടികവർഗ്ഗ വകുപ്പിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയ ആനുകൂല്യങ്ങൾ വിശദമാക്കുമോ ?